(എ) ചങ്ങനാശ്ശേരി ഗവൺമെന്റാശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡ് പുനരുദ്ധരിക്കുന്നതിനുള്ള ജോലി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പുനരുദ്ധാരണത്തിൽപ്പെടുത്തി എന്തെല്ലാം ജോലികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(സി) പുനരുദ്ധാരണ ജോലികൾക്കുള്ള ചെലവിന്റെ എസ്റ്റിമേറ്റ് എത്ര;

(ഡി) ഈ ആശുപത്രിയിലുള്ള കെ.എച്ച്.ആർ.ഡബ്ല്യു.എസിന്റെ ജനതാ പേവാർഡ് തകർന്ന നിലയിലാണോ;

(ഇ) ഇത് എന്ന് പണികഴിപ്പിച്ചതാണ്;

(എഫ്) ഇത് തകർത്തതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ജി) ഈ വാർഡ് അറ്റകുറ്റപ്പണികൾ നടത്തി പുനരുദ്ധരിക്കുവാൻ സാധിക്കുമോ;

(എച്ച്) ഇല്ലെങ്കിൽ ഈ വാർഡ് പൊളിച്ചുമാറ്റി പുതിയ വാർഡ് നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരുമാസത്തിനുള്ളിൽ

(ബി) ഇലക്ട്രിക്കൽ, സാനിട്ടറി, സിവിൽ പണികൾ എന്നിവ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇലക്ട്രിക്കൽ പണിക്ക് 1,10,000/-രൂപയും (ഒരുലക്ഷത്തി പതിനായിരം രൂപ). സിവിൽ-സാനിട്ടറി പണികൾക്ക് 1,83,548 രൂപയും (ഒരുലക്ഷത്തി എൺപത്തിമൂവായിരത്തി അഞ്ഞൂറ്റി നാൽപ്പത്തെട്ട് രൂപ) ആണ് എസ്റ്റിമേറ്റ്.

(ഡി) ജനതാ പേവാർഡിന്റെ കെട്ടിടത്തിന്റെ ഭിത്തികൾക്ക് വിള്ളൽ സംഭവിച്ചതുമൂലം ഇപ്പോൾ കെട്ടിടത്തിന്റെ ഉറപ്പു നഷ്ടപ്പെട്ട നിലയിലാണ് കാണുന്നത്.

(ഇ) 1982-83 ൽ

(എഫ് മുതൽ എച്ച് വരെ) ഇക്കാര്യം കെ.എച്ച്.ആർ.ഡബ്ല്യു.എസ് പരിശോധിച്ച് വരുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വയനാട് ജില്ലാ ആശുപത്രി കെട്ടിടം

162(873)ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടിയിലെ വയനാട് ജില്ലാ ആശുപത്രിക്ക് പുതിയ വാർഡുകളും മറ്റുമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; പണി എന്ന് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുൻ സർക്കാർ ഈ ആശുപത്രിക്ക് കെട്ടിടം പണിയുന്നതി നായി എത്ര തുക വകയിരുത്തിയിരുന്നു; അത് ചെലവഴിക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ മുതൽ സി വരെ) മാനന്തവാടി ജില്ലാ ആശുപത്രിയുടെ പുതിയ വാർഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി 13 ഇനപരിപാടിയിൽപ്പെടുത്തി ആശു പത്രി അടുക്കള കെട്ടിടത്തിന്റെ പണി, ബാത്ത്റൂം, ടോയ്ലറ്റ് എന്നിവയുടെ റിപ്പയർ, മെറ്റേണിറ്റി വാർഡിന്റെ പുനർനിർമ്മാണം, ഡോക്ടർമാർ, നഴ്സുമാർ എന്നിവരുടെ ക്വാർട്ടേഴ്സുകൾ, ഒബ്സർവേഷൻ വാർഡിന്റെ പണി, ആശു പത്രി കോമ്പൗണ്ട് വാളിന്റെ പണി എന്നിവ പൂർത്തിയായിട്ടുണ്ട്. ഒ.പി. ബ്ലോക്കിന്റെ നിർമ്മാണത്തിനുവേണ്ടി തറക്കല്ലിട്ടു. പീഡിയാട്രിക് വാർഡിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. മേൽ പണികൾക്കായി 86 ലക്ഷം രൂപ വകയി രുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനെയാണ് പണികളെല്ലാം ഏൽപ്പിച്ചിരി ക്കുന്നത്.

സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി

163 (874)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ എക്സ്റേ യൂണിറ്റ് എന്നു മുതൽ പ്രവർത്തനമാരംഭിക്കാൻ കഴിയും എന്നറിയിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയോടനുബന്ധിച്ചുള്ള രക്തബാങ്കിൽ ഇതേവരെ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതേവരെ തസ്തികകൾ സൃഷ്ടിക്കാത്തതിന്റെ കാരണം വിശ ദീകരിക്കുമോ;

(ഡി) ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സുൽത്താൻ ബത്തേരി ആശുപത്രിയിൽ എക്സ്റേ യൂണി റ്റിന്റെ കെട്ടിടംപണി പൂർത്തിയായെങ്കിലും വയറിംഗ് പണി കഴിഞ്ഞിട്ടില്ല. എക്സ്റേ മെഷീൻ സ്ഥാപിച്ചിട്ടില്ല. മേൽ പണിപൂർത്തിയാക്കുന്ന മുറയ്ക്ക് എക്സ്റേ യൂണിറ്റ് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) ഇതിലേയ്ക്കായി ബഡ്ജറ്റിൽ പണം നീക്കിവെച്ചിട്ടില്ലാത്തതി നാലാണ് തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കാത്തത്.

(ഡി) പുതുക്കിയ സാമ്പത്തിക വ്യയ നിയന്ത്രണ ചട്ടങ്ങൾക്ക് വിധേ യമായി മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly